compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 സെപ്റ്റംബർ 08
Tuesday, 08th September 2026

1202 ചിങ്ങം 23
23rd Chingam 1202

1948 ഭാദ്രം 17
17th Bhadra 1948

വാല്യം 15
Vol. XV

നമ്പർ
No. **36**

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ : ബിനോയ് ബേബി)

നമ്പർ RDOPLR/1167/2026-F. 2026 സെപ്റ്റംബർ 5.

വിഷയം:—ഓടനാവട്ടം വില്ലേജ്—സർക്കാർ എന്ന് ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള സ്ഥലത്തിന്റെ ന്യായവില/ഫെയർവാല്യൂ, ക്ലാസ്സിഫിക്കേഷൻ എന്നിവ—പുനർനിർണ്ണയിച്ചു ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീമതി സുജാത കുമാരി, കുഴയ്ക്കാട്ടു വീട്, അവണൂർ, നെടുവത്തൂർ വില്ലേജ് എന്നവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 2-6-2026, 24-8-2026 തീയതികളിലെ TLKKTR/1537/2026-P1 നമ്പർ റിപ്പോർട്ട്.

(3) ഓടനാവട്ടം വില്ലേജ് ഓഫീസറുടെ 1-6-2026, 18-8-2026 തീയതികളിലെ 87/26, 157/2026-P1 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി.ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി.ഡി. (S. R. O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S. R. O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി.ഡി. (S. R. O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി.ഡി. (S. R. O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S. R. O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ ഓടനാവട്ടം വില്ലേജിൽ ബ്ലോക്ക് 31-ൽ റീ സർവ്വേ നമ്പർ 176/7-ൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിലേക്ക് ശ്രീമതി സുജാത കുമാരി എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ കൊട്ടാരക്കര തഹശീൽദാർ, ഓടനാവട്ടം വില്ലേജ് ഓഫീസർ എന്നിവർ സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി അപേക്ഷയും റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൻ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷ വസ്തുവിന്റെ വിവരങ്ങൾ

ബ്ലോക്ക്—31

റീസർവ്വേ നമ്പർ—176/7

വിസ്തീർണ്ണം—24.30 ആർ പുരയിടം

ആധാരം—പൂയപ്പള്ളി S.R.O-യിലെ 1309/1995 നമ്പർ വിലയാധാരം മുൻ സർവ്വെ നമ്പർ 43/1-ൽപ്പെട്ട 33.24 ആർ പുരയിടം

തണ്ടപ്പേർ നമ്പർ—7968

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബി ടി ആർ പ്രകാരം—ബ്ലോക്ക്—31, റീ സർവ്വേ നമ്പർ—176/7-സർക്കാർ പുറമ്പോക്ക് സപ്ലിമെന്ററി ബി ടി ആർ—സർവ്വെ നമ്പർ—176/7-24.30 ആർ പുരയിടം സൂചന അപേക്ഷക പേരിൽ വന്നിട്ടുണ്ട്.

മഹസർ പ്രകാരമുള്ള വിവരങ്ങൾ—അപേക്ഷ വസ്തു മുട്ടറ—അമ്പലപ്പുറം റോഡിൽ തെന്നൂർ ജംഗ്ഷനിൽ നിന്നും പടിഞ്ഞാറ് തിരിഞ്ഞ് കടയ്ക്കോട് പോകുന്ന റോഡിൽ ഏകദേശം 1 കിലോമീറ്റർ മാറി ടി റോഡിന് വടക്ക് സ്ഥിതിചെയ്യുന്നു.

അതിരുകൾ

വടക്ക്—കൊച്ചു കുട്ടൻ പിള്ള വക സ്ഥലം

കിഴക്ക്—മാധവൻ പിള്ള വക സ്ഥലം

തെക്ക്—പഞ്ചായത്ത് റോഡ്

പടിഞ്ഞാറ്— കൊച്ചു കുട്ടൻ പിള്ള വക സ്ഥലം

അപേക്ഷ വസ്തുവിൽ നട്ട് ദേഹണ്ഡങ്ങൾ—റബ്ബർ, ആഞ്ഞിലി, മഹാഗണി, തെങ്ങ് എന്നിവ നിൽക്കുന്ന വസ്തുവിൽ ചമയങ്ങളായി ഒന്നുമില്ല.

2010-ലെ ന്യായവില രജിസ്റ്ററിൽ അപേക്ഷ വസ്തു ഉൾപ്പെട്ട ബ്ലോക്ക് 31-ൽ റീ സർവ്വേ നമ്പർ 176/7-നു Government Property എന്ന ക്ലാസ്സിഫിക്കേഷനിൽ Re. 1 ന്യായവില വന്നിട്ടുള്ളത് പുനർ നിർണ്ണയിച്ചു നൽകുന്നതിനാണ് സൂചന (1) അപേക്ഷ നൽകിയിട്ടുള്ളതെന്നും സൂചന (2), (3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

അപേക്ഷ വസ്തു ബി ടി ആർ പ്രകാരം ബ്ലോക്ക് 31-ൽ റീ സർവ്വേ നമ്പർ 176/7-ൽ 8.80 ആർ സർക്കാർ പുറമ്പോക്ക് എന്ന് വന്നിട്ടുള്ളതും തുടർന്നു SA-819/98(PV-1414/96) നമ്പർ തീർച്ച പ്രകാരം അതിർത്തി മാറ്റം, വിസ്തീർണ്ണ വ്യത്യാസം എന്നിവ നടത്തി പുറമ്പോക്കിൽ നിന്നും ഇനം മാറ്റം വഴി 24.30 ആർ വിസ്തീർണ്ണമുള്ള പുരയിടമായി അപേക്ഷക പേരിൽ വന്നിട്ടുള്ളതുമാണ്. സപ്ലിമെന്റ് ബി ടി ആർ ഉള്ളടക്കം ചെയ്തിട്ടുണ്ട്. അപേക്ഷ വസ്തുവിന് ന്യായവില പുനർ നിർണ്ണയിക്കാൻ ഒരേ പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ അപേക്ഷ വസ്തുവിന് എതിർ വശത്ത് സ്ഥിതി ചെയ്യുന്ന ടി വില്ലേജിൽ ബ്ലോക്ക് 31 ൽ റീ സർവ്വേ നമ്പർ 197/10-ൽപ്പെട്ടതും ബി ടി ആർ-ൽ പുരയിടമായി വന്നിട്ടുള്ളതുമായ വസ്തു അടിസ്ഥാന വസ്തുവായി പരിഗണിച്ചു ടി വസ്തുവിന് 2010 ന്യായവില രജിസ്റ്ററിൽ നൽകിയിട്ടുള്ള ഒരു ആർ-ന് ₹ 9,000 ന്യായവിലയും Residential Plot With Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അപേക്ഷ വസ്തുവിന് അനുവദിച്ചു നൽകാമെന്നു കൊട്ടാരക്കര തഹസിൽദാരും ഓടനാവട്ടം വില്ലേജ് ഓഫീസറും സൂചന (2), (3) പ്രകാരം ശുപാർശ നിലവിൽ ചെയ്തിരിക്കുന്നു. റീ സർവേ നമ്പർ 197/10-ൽപ്പെട്ട വസ്തുവിന് 2010 ന്യായവില രജിസ്റ്ററിൽ ഒരു ആർ-ന് ₹ 9,000 ന്യായവിലയും Residential Plot with Cor./Mun./Panchayath Road Access എന്ന ക്ലാസിഫിക്കേഷനും നൽകിയിട്ടുള്ളതാണ്. ഗ്രൂപ്പ് സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സൂചന (5) നിർദ്ദേശത്തിന്റെയും സൂചന (2), (3) ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ വസ്തുവിന്റെ ന്യായവിലയും ക്ലാസിഫിക്കേഷനും പുനർ നിർണ്ണയിച്ചു ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും “സർക്കാർ വസ്തു” എന്ന് ന്യായവില രജിസ്റ്ററിൽ തെറ്റായി വന്നിട്ടുള്ളതും ബി ടി ആർ പ്രകാരം പുരയിടമായ വസ്തുവിന് ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും	താലൂക്ക്	വില്ലേജ് & ബ്ലോക്ക്	റീ-സർവ്വേ നമ്പർ	6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും	പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ	പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില *(ഒരു ആർ-ന്)*
ശ്രീമതി സുജാത കുമാരി, കുഴയ്ക്കാട്ടു വീട്, അവണ്ണൂർ, നെടുവത്തൂർ വില്ലേജ്	കൊട്ടാരക്കര	ഓടനാവട്ടം, 31	176/7	Re. 1, Government Property	Residential Plot with Panchayath Road Access	₹ 9,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : ബിനോയ് ബേബി)

നമ്പർ RDOPLR/1318/2026-F. 2026 ആഗസ്റ്റ് 25.

വിഷയം:—മൈലം വില്ലേജ്—നിലം എന്ന് ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള വസ്തുവിന്റെ ന്യായവില, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. വേണുഗോപാൽ, എസ്. ആർ., ഉത്രാടം, പടിഞ്ഞാറ്റിൻ കര, മൈലം വില്ലേജ് എന്നയാൾ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 10-6-2026, 13-8-2026 തീയതികളിലെ TLKKTR/6815/2024-P1 നമ്പർ റിപ്പോർട്ട്.

(3) മൈലം വില്ലേജ് ഓഫീസറുടെ 21-10-2024, 10-3-2026, 17-7-2026 തീയതികളിലെ 264/2024, VOMYLOM/105/2026-1, VOMYLM/164/2026-1 നമ്പർ റിപ്പോർട്ട്.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5(4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി.ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി.ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി.ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി.ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ മൈലം വില്ലേജിൽ ബ്ലോക്ക് 14-ൽ റീസർവ്വേ നമ്പർ 263/17-3-ൽപ്പെട്ട വസ്തുവിന്റെ ഫെയർ വാല്യൂ പുനർ നിർണ്ണയിക്കുന്നതിലേക്ക് ശ്രീ. വേണുഗോപാൽ എന്നയാൾ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ കൊട്ടാരക്കര തഹശീൽദാർ, മൈലം വില്ലേജ് ഓഫീസർ എന്നിവർ സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി അപേക്ഷയും റിപ്പോർട്ടും രേഖകളും പരിശോധിച്ചതിൻ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷ വസ്തുവിന്റെ വിവരങ്ങൾ:

ബ്ലോക്ക്-14
റീ സർവ്വേ നമ്പർ—263/17-3.
വിസ്തീർണ്ണം—29.95 ആർ പുരയിടം
തണ്ടപ്പേർ നമ്പർ—7053.

ബി ടി ആർ പ്രകാരം—ബ്ലോക്ക്-14, റീ സർവ്വേ നമ്പർ—263/17—74.20 ആർ പുരയിടം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആധാരപ്രകാരമുള്ള വിവരങ്ങൾ—കൊട്ടാരക്കര പ്രിൻസിപ്പൽ SRO യിലെ 1614/1988 നമ്പർ ധനനിശ്ചയം പട്ടിക2 പ്രകാരം കുളക്കട വില്ലേജിൽ പെരുങ്കുളം മുറിയിൽ നടുവത്ത് വീട്ടിൽ വേണുഗോപാൽ പേർക്ക് മൈലം വില്ലേജിൽ മുൻ സർവ്വേ നമ്പർ 98/9-ൽപ്പെട്ട 34.40 ആർ വസ്തുവിനു അവകാശം ലഭിച്ചു.

റീ സർവ്വേ അപാകത പരിഹരിച്ച ഉത്തരവിലെ വിവരങ്ങൾ—ബ്ലോക്ക്-14 റീ സർവ്വേ നമ്പർ 263/17-ൽപ്പെട്ട നിലം ഇനത്തിലുള്ള വസ്തുവിന്റെ മുൻ സർവ്വേ നമ്പർ 98/9-പുരയിടമായതിനാൽ റീ സർവ്വേയിലെ അപാകത പരിഹരിച്ചു നൽകി.

കൊട്ടാരക്കര ഭൂരേഖാ തഹശീൽദാരുടെ ഉത്തരവ് നമ്പർ B4-SD 18527/2019-തീയതി 22-10-2020.

മഹസർ പ്രകാരമുള്ള വിവരങ്ങൾ—കൊട്ടാരക്കര-മണ്ണടി റോഡിൽ പെരുങ്കുളം PVHS സ്കൂൾ ജംഗ്ഷനിൽ നിന്നും ഉദ്ദേശം 50 മീറ്റർ വടക്ക് മാറി ടി റോഡിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന പഞ്ചായത്ത് കോൺക്രീറ്റ് റോഡിൽ 50 മീറ്റർ മാറി ടി റോഡിനു ചേർന്ന് സ്ഥിതി ചെയ്യുന്നു.

അതിരുകൾ

വടക്ക്—കോൺക്രീറ്റ് റോഡ്

കിഴക്ക്—കോൺക്രീറ്റ് റോഡ്

തെക്ക്—അൻസാരി വക വസ്തു

പടിഞ്ഞാറ്—മുരളി കുമാർ വക വസ്തു.

അപേക്ഷ വസ്തുവിൽ നട്ട് ദേഹണ്ഡങ്ങൾ-നാളത് റബ്ബർ മരങ്ങൾ മുറിച്ചു മാറ്റിയിട്ടുള്ളതാണ്. ചമയങ്ങളായി ഒന്നുമില്ല.

2010-ലെ ന്യായവില രജിസ്റ്ററിൽ അപേക്ഷ വസ്തു ഉൾപ്പെട്ട ബ്ലോക്ക്-14-ൽ റീ സർവ്വേ നമ്പർ 263/17-നു ന്യായവില ₹5,000-ം Wet Land എന്ന ക്ലാസ്സിഫിക്കേഷനും വന്നിട്ടുള്ളതായും അപേക്ഷ വസ്തുവിനു ഫെയർ വാല്യൂ പുനർനിർണ്ണയിച്ചു നൽകുന്നതിനാണ് സൂചന (1) അപേക്ഷ നൽകിയിട്ടുള്ളതെന്നും സൂചന (2),(3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

ബ്ലോക്ക്-14 റീ സർവ്വേ നമ്പർ 263/17-ൽപ്പെട്ട അപേക്ഷ വസ്തുക്കൾ റീ സർവ്വേ പ്രകാരം നിലം എന്ന് വന്നതും ടി വസ്തുവിന്റെ മുൻ സർവ്വേ നമ്പർ 98/9 പുരയിടമാണ് എന്ന് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ, കൊട്ടാരക്കര ഭൂരേഖ തഹശീൽദാർ 22-10-2020 തീയതിയിലെ ഉത്തരവ് നമ്പർ B4-SD 18527/2019 പ്രകാരം റീസർവ്വേയിലെ അപാകത പരിഹരിച്ച് നൽകിയിട്ടുള്ളതാണ്. അപ്രകാരം അപേക്ഷ വസ്തു പുരയിടമായി വന്നിട്ടുള്ളതാണ്. അപേക്ഷ വസ്തുവിനു കിഴക്ക് ചേർന്ന് സമാന അവസ്ഥയിൽ സ്ഥിതിചെയ്യുന്ന ടി വില്ലേജിൽ ബ്ലോക്ക്-14-ൽ റീ സർവ്വേ നമ്പർ 260/4-ൽപ്പെട്ട പുരയിടമായ വസ്തുവിനു 2010-ലെ ന്യായവില രജിസ്റ്ററിൽ Residential Plot with Road NH/PWD Road Access-എന്ന ക്ലാസ്സിഫിക്കേഷനിൽ ₹25,000 ന്യായവില വന്നിട്ടുള്ളതാണ്. എന്നാൽ ടി വസ്തുവും അപേക്ഷ വസ്തുക്കളും പഞ്ചായത്ത് റോഡ് പ്രാധാന്യത്തിൽ സ്ഥിതിചെയ്യുന്നതാണ് എന്നും ന്യായവില രജിസ്റ്ററിൽ "നിലം" എന്ന അപാകത പരിഹരിക്കുന്നതിന് ടി വസ്തു അപേക്ഷ വസ്തുവിനു സമവും സമാനവും ആയ അടിസ്ഥാനവസ്തുവായി പരിഗണിച്ചു ടി ന്യായവിലയും, Residential Plot with Panchayath Road Access-എന്ന ക്ലാസ്സിഫിക്കേഷനും അപേക്ഷ വസ്തുക്കൾക്ക് നൽകാമെന്നും കൊട്ടാരക്കര തഹശീൽദാരും മൈലം വില്ലേജ് ഓഫീസറും സൂചന (2), (3) പ്രകാരം ശുപാർശ നൽകിയിരിക്കുന്നു. ഗ്രൂപ്പ് സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സൂചന (5) നിർദേശത്തിന്റെയും സൂചന (2), (3) ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ വസ്തുവിന്റെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർനിർണ്ണയിച്ചു ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും "നിലം" എന്ന് ന്യായവില രജിസ്റ്ററിൽ തെറ്റായി വന്നിട്ടുള്ളതും ബി ടി ആർ പ്രകാരം പുരയിടമായ വസ്തുക്കൾക്ക് ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും—ശ്രീ. വേണുഗോപാൽ, എസ്. ആർ., ഉത്രാടം, പടിഞ്ഞാറ്റിൻ കര, മൈലം വില്ലേജ്.

താലൂക്ക്—കൊട്ടാരക്കര

വില്ലേജ് & ബ്ലോക്ക്—മൈലം-14

റീ സർവ്വേ നമ്പർ—263/17-3

6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും—₹5,000 Wet Land

പുനർനിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷനും—Residential Plot With Panchayath Road Access

പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ)—₹25,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്ക് വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്,
പുനലൂർ.

(ഒപ്പ്)
റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

KOLLAM DISTRICT

പുനലൂർ റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം

(ഹാജർ : ബിനോയ് ബേബി)

(1)

നമ്പർ RDOPLR/837/2026-F. 2026 സെപ്റ്റംബർ 1.

വിഷയം:—വെളിനല്ലൂർ വില്ലേജ്—സർക്കാർ വസ്തു എന്ന് ന്യായവില രജിസ്റ്ററിൽ വന്നിട്ടുള്ള വസ്തുക്കളുടെ ന്യായവില, ക്ലാസ്സിഫിക്കേഷൻ എന്നിവ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) ശ്രീ. രാമചന്ദ്രൻ പിള്ള & സീതമ്മ, ഇളമ്പിലാകോണത്തു കിഴക്കതിൽ വീട്, ചെറുവക്കൽ, ഇളമാട് വില്ലേജ് എന്നിവർ സമർപ്പിച്ച അപേക്ഷ.

(2) കൊട്ടാരക്കര തഹശീൽദാരുടെ 23-4-2026, 14-7-2026 തീയതികളിലെ TLKKTR/2532/2025-P1 നമ്പർ റിപ്പോർട്ടുകൾ.

(3) വെളിനല്ലൂർ വില്ലേജ് ഓഫീസറുടെ 24-2-2025, 6-6-2025, 6-1-2026, 2-7-2026 എന്നീ തീയതികളിലെ VOVEN/98/2025-1 നമ്പർ റിപ്പോർട്ടുകൾ.

(4) കേരള മുദ്രപത്ര നിയമം 1959 സെക്ഷൻ 28A ചട്ടം 5 (4).

(5) ബഹു. കേരള ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019 തീയതിയിലെ LA3-54647 നമ്പർ പരിപത്രം.

(6) 14-11-2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 188/2014/റ്റി.ഡി.

(7) 31-3-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 43/2018/റ്റി. ഡി. (S.R.O. No. 186/2018).

(8) 30-4-2019-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 70/2019/റ്റി.ഡി. (S.R.O. No. 311/2019).

(9) 31-3-2020-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 47/2020/റ്റി. ഡി. (S.R.O. No. 266/2020).

(10) 30-3-2022-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 29/2022/റ്റി. ഡി. (S.R.O. No. 305/2022).

(11) 25-3-2023-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 45/2023/റ്റി.ഡി. (S.R.O. No. 420/2023).

പുനലൂർ സബ് ഡിവിഷനിൽ കൊട്ടാരക്കര താലൂക്കിൽ വെളിനല്ലൂർ വില്ലേജിൽ a. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/15 b. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/16-2 c. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/16-ൽപ്പെട്ട വസ്തുക്കളുടെ ഫെയർ വാല്യൂ നിശ്ചയിക്കുന്നതിലേക്ക് ശ്രീ. രാമചന്ദ്രൻ പിള്ള ടിയാളുടെ ഭാര്യ സീതമ്മ എന്നിവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്മേൽ കൊട്ടാരക്കര തഹശീൽദാർ, വെളിനല്ലൂർ വില്ലേജ് ഓഫീസർ എന്നിവർ സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുവിന്റെ വിവരങ്ങൾ

a. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/15-8.50 ആർ.

b. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 93/16-2-00.80 ആർ.

a. & b. രാമചന്ദ്രൻ പേരിലുള്ള വസ്തു.

c. ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/16-9.30 ആർ സീതമ്മ പേരിലുള്ള വസ്തു

ആകെ—18.60 ആർ വസ്തു ബേസിക്-619/1.

ആധാരം—ഓയൂർ സബ് രജിസ്ട്രാർ ഓഫീസിലെ 1272/1989 നമ്പർ വിലയാധാരം.

മുൻ സർവ്വേ നമ്പർ—619/1/1/198.

പട്ടിക—a. 10.12 ആർ.

b. 10.12 ആർ വസ്തുക്കൾ.

തണ്ടപ്പേർ നമ്പർ—രാമചന്ദ്രൻ പിള്ള-1987/A.

സീതമ്മ -1993/A.

ബി ടി ആർ പ്രകാരം—ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/15, 193/16-പുരയിടം.

സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ—സർവ്വേ നമ്പർ 619/1/1.

പുറമ്പോക്ക്—860.68 ഏക്കർ വിസ്തീർണ്ണം.

മഹസർ പ്രകാരമുള്ള വിവരങ്ങൾ—അപേക്ഷ വസ്തുക്കൾ അമ്പലം കുന്നു-റോഡുവിള റോഡിൽ മുളയറയ്ക്കൽ കശുവണ്ടി ഫാക്ടറി ജംഗ്ഷനിൽ നിന്നും വടക്കോട്ടുള്ള ചെറുവക്കൽ ക്ഷേത്രം റോഡിലൂടെ ഏകദേശം 150 മീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്നു. തെക്ക് വശത്തെ റോഡ് കളരിവിള അംഗനവാടി-മുണ്ടപ്പള്ളി കോണത്തു പോകുന്ന പഞ്ചായത്ത് റോഡ്.

അതിരുകൾ

വടക്ക്—അബ്ദുൾ റഹ്മാൻ വക വസ്തു.

കിഴക്ക്—പഞ്ചായത്ത് റോഡ്.

തെക്ക്—പഞ്ചായത്ത് റോഡ്.

പടിഞ്ഞാറ്—അബ്ദുൾ റഹ്മാൻ വക വസ്തു.

അപേക്ഷ വസ്തുവിൽ നട്ട് ദേഹണ്ഡങ്ങൾ—റബ്ബർ, പ്ലാവ്, തെങ്ങ് എന്നിവ നിൽക്കുന്നു. ചമയങ്ങളായി കോൺക്രീറ്റ് വീടും, കിണർ, കുളിമുറി മുതലായവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2010-ലെ ന്യായവില രജിസ്റ്ററിൽ അപേക്ഷ വസ്തുക്കൾ ഉൾപ്പെട്ട ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/15, 193/16 എന്നിവയ്ക്ക് ന്യായവില 1 രൂപയും Government Property ക്ലാസ്സിഫിക്കേഷനും വന്നിട്ടുള്ളതായും അപേക്ഷ വസ്തുക്കൾക്ക് ഫെയർ വാല്യൂ നിശ്ചയിച്ചു നൽകുന്നതിനാണ് സൂചന(1) അപേക്ഷ നൽകിയിട്ടുള്ളതെന്നും സൂചന (2),(3) റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

അപേക്ഷ വസ്തുക്കളുടെ ബി ടി ആർ നശിച്ചു പോയിട്ടുള്ളതായും ഓൺലൈൻ ബി ടി ആർ പ്രകാരം റീ സർവ്വേ നമ്പർ 193/15, 193/16 എന്നിവയുടെ മുൻ സർവ്വേ നമ്പർ യഥാക്രമം 619/1/60/1/62, 619/1/60 എന്ന് വന്നിട്ടുള്ളതായും സൂചന (2), (3) റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതാണ്. അപേക്ഷ വസ്തുക്കൾ സെറ്റിൽമെന്റ് പ്രകാരം സർവ്വേ നമ്പർ 619/1-1 സർക്കാർ പുറമ്പോക്ക് എന്ന് വന്നിട്ടുള്ളതും ടി സർവ്വേ നമ്പരിൽ നിന്നും നിരവധി പതിവുകൾ നടന്നിട്ടുള്ളതുമാണ് എന്ന് കാണുന്നു. ടി വസ്തുക്കൾ പഞ്ചായത്ത് റോഡിനു ചേർന്ന് വരുന്നതും ഒരുമിച്ചു ചേർന്ന് ഒറ്റ അടവിൽ കിടക്കുന്നതും റീ സർവ്വേ ബി ടി ആർ പ്രകാരം ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 193/15, 193/16 എന്നിവ പുരയിടമായി കാണുന്നതുമാണ്.

ഇളമാട് വില്ലേജിൽ ചെറുവക്കൽ മുറിയിൽ കളീലഴികത്ത് വീട്ടിൽ ചാക്കോ, ജോർജ്, ലൂക്കോസ്, മുതൽ പേർ ടി വില്ലേജിൽ പ്ലാവറ വീട്ടിൽ അബീറത്തു ബീവി, കോണത്തു പുത്തൻ വീട്ടിൽ അബ്ദുൾ ഖരീം എന്നിവർ പേർക്ക് എഴുതി നൽകിയ a. ഓയൂർ SRO-യിലെ 5631/1968 നമ്പർ വിലയാധാരത്തിൽ 344/1958 നമ്പർ പുതുവൽ പതിവ് പ്രകാരം ചാക്കോ കൊച്ചുമ്മൻ പേർക്ക് ടി വില്ലേജിലെ മുൻ സർവ്വേ നമ്പർ 619/1/1-ൽപ്പെട്ട 40 ആർ വസ്തുവിനു അവകാശം ലഭിച്ചിട്ടുള്ളതായി കാണുന്നു. തുടർന്ന് ടി അബീറത്തു ബീവി മക്കൾ ഷറഫുദീൻ, റഫീക്ക ബീവി, ഫസീല ബീവി എന്നിവർ ചേർന്ന് എഴുതിയ ടി SRO-യിലെ 1334/1983 നമ്പർ ഭാഗപത്ര പ്രകാരം പട്ടിക A, B, C പട്ടികകൾ പ്രകാരം ടി മുൻ സർവ്വേ നമ്പരിൽ യഥാക്രമം 4.05 ആർ, 10.12 ആർ, 10.12 ആർ എന്നിങ്ങനെ വസ്തുക്കൾ ലഭിച്ചിട്ടുള്ളതും ടി SRO-യിലെ 1272/1989 നമ്പർ വിലയാധാര പ്രകാരം B, C പട്ടിക വസ്തുക്കൾ അപേക്ഷ കക്ഷികളായ ശ്രീ. രാമചന്ദ്രൻ ടിയാൻ ഭാര്യ സീതമ്മ എന്നിവർ പേർക്ക് കൈമാറിയിട്ടുള്ളതാണ്.

അപേക്ഷ വസ്തുക്കളുടെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിക്കാൻ ടി വസ്തുക്കളിൽ നിന്നും ഏകദേശം 750 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ടി വില്ലേജിൽ ബ്ലോക്ക് 37-ൽ റീ സർവ്വേ നമ്പർ 231/4-ൽപ്പെട്ട വസ്തു സമവും സമാനവുമായ അടിസ്ഥാന വസ്തുവായി പരിഗണിച്ചു പഞ്ചായത്ത് റോഡ് സാമീപ്യമുള്ളതുമായ ടി വസ്തുവിന്റെ 2010-ലെ ന്യായവില ₹ 25,000 Residential Plot With Panchayath Road Access എന്ന ക്ലാസ്സിഫിക്കേഷനും അപേക്ഷ വസ്തുക്കൾക്ക് നൽകാമെന്നും കൊട്ടാരക്കര തഹശീൽദാരും വെളിനല്ലൂർ വില്ലേജ് ഓഫീസറും സൂചന (2), (3) പ്രകാരം ശുപാർശ നൽകിയിരിക്കുന്നു. ഗ്രൂപ്പ് സ്കെച്ച് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അപേക്ഷ വസ്തുക്കൾ-സർക്കാർ വസ്തു അല്ലെന്നും 1963-നു മുൻപ് മുതൽ കരം ഒടുക്കുള്ള ഭൂമിയാണ് എന്നും ആധാരങ്ങൾ പരിശോധിച്ചതിൽ കാണുന്നു. റീ സർവ്വേ പ്രകാരം ടി വസ്തുക്കൾ പുരയിടമായി കരം ഒടുക്കുള്ള വസ്തുവായി വന്നിട്ടുള്ളതുമാണ്. സൂചന (5) നിർദേശത്തിന്റെയും സൂചന (2), (3) ശുപാർശയുടെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ അപേക്ഷ വസ്തുക്കൾക്ക് ശരിയായ ക്ലാസ്സിഫിക്കേഷനും അതിന് അനുസൃതമായ ന്യായവിലയും ചേർത്ത് വിജ്ഞാപനം ചെയ്യേണ്ടത് ആവശ്യമാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ അപേക്ഷ വസ്തുക്കൾക്ക് ന്യായവിലയും ക്ലാസിഫിക്കേഷനും പുനർ നിർണ്ണയിച്ചു ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

6-3-2010 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ''സർക്കാർ വസ്തു'' എന്ന് ന്യായവില രജിസ്റ്ററിൽ തെറ്റായി വന്നിട്ടുള്ളതും ബി ടി ആർ പ്രകാരം പുരയിടമായ വസ്തുക്കൾക്ക് ന്യായവിലയും ക്ലാസ്സിഫിക്കേഷനും പുനർ നിർണ്ണയിച്ചു ഉത്തരവാകുന്നു.

അപേക്ഷകന്റെ പേരും വിലാസവും—ശ്രീ. രാമചന്ദ്രൻ പിള്ള & സീതമ്മ
ഇളമ്പിലാകോണത്തു കിഴക്കതിൽ വീട്,
ചെറുവക്കൽ, ഇളമാട് വില്ലേജ്

താലൂക്ക്—കൊട്ടാരക്കര

വില്ലേജ് & ബ്ലോക്ക്—വെളിനല്ലൂർ 37

റീ സർവ്വേ നമ്പർ—a. 193/15
b. 193/16-2
c. 193/16

6-3-2010-ലെ ന്യായവിലയും ക്ലാസ്സിഫിക്കേഷനും—₹ 1 Government Property

പുനർ നിർണ്ണയിച്ച 1-4-2010-ലെ ക്ലാസ്സിഫിക്കേഷൻ—a. b. & c. Residential Plot with Panchayath Road Access

പുനർ നിർണ്ണയിച്ച 1-4-2010-ലെ ന്യായവില (ഒരു ആർ നു)—a. b. & c.—₹ 25,000

പുനർ നിർണ്ണയിച്ച ന്യായവില സൂചന (6) മുതൽ (11) വരെയുള്ള ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾക്കു വിധേയമായിരിക്കുന്നതാണ്.

റവന്യൂ ഡിവിഷണൽ ഓഫീസ്, (ഒപ്പ്)
പുനലൂർ. റവന്യൂ ഡിവിഷണൽ ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേലപ്പരസ്യം

DCPTA/3770/2026-C10

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ മല്ലപ്പള്ളി വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലത്ത് നിന്ന് പതിച്ച് നൽകിയതും, റീ സർവ്വെ 449/1-37 ൽ തണ്ടപ്പേർ 13058 ൽ 1.61 ആർസ് വസ്തുവിലുള്ളതുമായ (പെരുമ്പട്ടി വില്ലേജിൽ കൊറ്റനാട് മുറിയിൽ തടത്തരികത്ത് വീട്ടിൽ ഷൈലജയുടെ കൈവശത്തിലും കരമൊടുക്കിലും ഉള്ളത്)മാഞ്ചിയം, ആഞ്ഞിലി എന്നീ മരങ്ങൾ പിഴുത് വീണിട്ടുള്ളതാണ്. ടി തടികൾ **29.09.2026** തീയതി **പകൽ 11 മണിക്ക്** ജില്ലാ കളക്ടറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ മല്ലപ്പള്ളി വില്ലേജ് ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും, ലേലത്തുക നിയമപ്രകാരമുള്ള മുഴുവൻ നികുതി അടക്കം അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരീകരിച്ച് 15 ദിവസത്തിനുള്ളിൽ ടി തടി സ്വന്തം ചെലവിൽ ആർക്കും നാശനഷ്ടമുണ്ടാക്കാതെ ടി സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്. സാധാരണ സർക്കാർ ലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

ക്രമ നം	ഇനം	തടിയുടെ നീളം(cm)	തടിയുടെ വണ്ണം(cm)	തടിയുടെ അളവ് (m3)	വിറക്(എം.ടി)
1	മാഞ്ചിയം	700	100	0.437	-
2		500	75	0.175	-
3		360	100	0.225	-
4		950	160	1.520	-
5		1100	100	0.687	-
6		330	115	0.272	-
7		90	120	0.081	-
8		90	120	0.081	-
9		90	120	0.081	-
10		90	120	0.081	-
11		90	120	0.081	-
12	ആഞ്ഞിലി	450	100	0.281	-
13		800	70	0.245	-
14		400	40	0.040	-

കളക്ടേറ്റ് ,പത്തനംതിട്ട ഒപ്പ്

തീയതി: 07.09.2026 (ജില്ലാ കളക്ടർ)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

“ FORM ‘A’ ”

(See rule 4)

NOTIFICATION

RDOADR/4379/2024-C5/KDIS

Revenue Divisional Office, Adoor,

Dated:31-08-2026

WHEREAS, it is expedient to publish the Fair Value of land as required under section 28A of the Kerala Stamp Act, 1959 read with sub-rule (7) of rule 3 and rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995;

NOW THEREFORE, it is hereby made known to the public that the final fair value fixed for the land mentioned against each serial number, in respect of the land situated in the survey/re-survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

District: Pathanamthitta Taluk:Kozhenchery

Village:Mezhuveli Desom:

Serial No	Re-Survey Block	Re-Survey Number	Re-Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body/Panchayath/ Municipality/ Corporation	Name and Number of Ward	Classification by use	Fair Value per Ares
1	2	3	4	5	6	7	8	9
1	4	357	16-1	Panchayath	Mezhuveli	-	Residential Plot With Private Road Access.	19,000/-

The resultant fair value will be 264% of that value mentioned above.

Sd/-

[Revenue Divisional Officer]ue Divisional Officer

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരളാ സർവ്വെ അതിരടയാള നിയമം 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് അനുസരിച്ചുള്ള നോട്ടീസ്

(മുട്ടേൽപാലം & അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതി)

നമ്പർ കെ2-87/2020. 2026 ആഗസ്റ്റ് 18.

ഇതോടുകൂടി ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കൈനകരി തെക്ക്, കൈനകരി വടക്ക് എന്നീ വില്ലേജുകളിൽ നിന്നും മുട്ടേൽ പാലം & അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതിക്കുവേണ്ടി എടുക്കുന്നതിനായി സർവ്വെ ചെയ്തിട്ടുള്ള ഭൂമികളുടെ ഫീൽഡ് നമ്പരുകളാണ്. സർവ്വെയെകുറിച്ചുള്ള എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ ഈ നോട്ടീസ് പരസ്യപ്പെടുത്തി ഒരു മാസത്തിനകം സർവ്വെ ജോലികളുടെ ചുമതലവഹിക്കുന്ന കായംകുളം എൽ എ യൂണിറ്റ് (കിഫ്ബി) സ്പെഷ്യൽ തഹശീൽദാർക്ക് സമർപ്പിക്കേണ്ടതാണ്.

താലൂക്ക്—കുട്ടനാട്. **വില്ലേജ്—കൈനകരി തെക്ക്.**

ക്രമനമ്പർ	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	വിസ്തീർണ്ണം (ഹെക്ടർ)	എൽ.എ. സബ് ഡിവിഷൻ നമ്പർ	ലാൻഡ് അക്വിസിഷന് എടുത്ത വിസ്തീർണ്ണം (ഹെക്ടറിൽ)
1	8	42/2-3 42/2-4	0.0081 0.0080	42/14 42/14-1	0.0009 0.0010
		42/3-7 42/3-8	0.0550 0.0250	42/19 42/19-1	0.0133 0.0060
2	8	42/2-2	0.0283	42/12-2	0.0022
3	8	42/3-4	0.0294	42/15-1	0.0025
4	8	42/3-9	0.0139	42/15-2	0.0012
5	8	42/3-10	0.0122	42/19-2	0.0048
6	8	42/3-11	0.0081	42/19-3	0.0069
7	8	42/3-6	0.0122	42/19-4	0.0028
8	8	42/3	0.1425	42/19-5	0.0116
9	8	42/3-3	0.0082	42/16	0.0020
10	8	42/3-2-2 42/3-2-1 42/3-2-3	0.0488 0.0643 0.0120	42/17 42/17-1 42/17-2	0.0075 0.0098 0.0018
		42/5	0.0845	42/20	0.0117
11	8	42/6-4	0.1980	42/25	0.00007
		42/9	0.0295	42/28	0.00002
ആകെ വിസ്തീർണ്ണം					0.08609

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താലൂക്ക്—കുട്ടനാട്. **വില്ലേജ്—കൈനകരി വടക്ക്.**

ക്രമനമ്പർ	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	വിസ്തീർണ്ണം (ഹെക്ടർ)	എൽ.എ. സബ് ഡിവിഷൻ നമ്പർ	ലാൻഡ് അക്വിസിഷന് എടുത്ത വിസ്തീർണ്ണം (ഹെക്ടറിൽ)
1	7	176/1-2 176/1-3	0.0202 0.0243	176/18-1 176/18-1-2	0.0089 0.0124
2	7	176/1	0.1133	176/18-2	0.0108
				176/18-4	0.0074
3	7	176/2	0.0690	176/20-1	0.0120
				176/20-3	0.0064
4	7	176/3	0.1120	176/22-1	0.0072
5	7	176/5	0.1325	176/23-2	0.0010
6	7	177/2-2	0.0202	177/14-1	0.0107
7	7	177/2-4	0.022257	177/14-2	0.0115
		177/2	0.025143	177/14-4	0.0109
8	7	177/2-3	0.0364	177/14-3	0.0132
9	7	177/13-1	0.0182	177/15	0.0082
10	7	178/10-1-1 178/10-2	0.0260 0.1481	178/13-1 178/13-1-2	0.0065 0.0375
11	7	178/10-5	0.0243	178/13-2	0.0108
12	7	178/10-1	0.0861	178/13-3	0.0268
13	7	179/6-2-2	0.0528	179/8-1	0.0045
14	7	179/6-2	0.0079	179/8-2	0.0018
ആകെ വിസ്തീർണ്ണം					0.2085

എൽ എ യൂണിറ്റ് (കിഫ്ബി), (ഒപ്പ്)

കായംകുളം. സ്പെഷ്യൽ തഹശീൽദാർ.

വിശദീകരണക്കുറിപ്പ്

ഈ നോട്ടീസ് പ്രഖ്യാപനത്തിന്റെ ഭാഗമല്ല. എന്നാൽ മുട്ടേൽ പാലം & അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച് പ്രഖ്യാപനം 22-5-2024-ൽ വാല്യം 8, 1619-ാം നമ്പർ ആയി കേരളാ ഗസറ്റിൽ (അസാധാരണം) പ്രസിദ്ധീകരിച്ച് വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിവരം സർവ്വെ അതിരടയാള നിയമത്തിലെ വകുപ്പ് പ്രകാരം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും പ്രസ്തുത വിസ്തീർണ്ണങ്ങൾ വില്ലേജ് റിക്കാർഡിൽ കുറവ് വരുത്തുന്നതിനുമായി ഉദ്ദേശിച്ചിട്ടുള്ളതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആലപ്പുഴ ജില്ലാകളകട്ടറുടെ നടപടിക്രമം

(ഹാജർ : ഷാജി.വി.നായർ ഐ. എ. എസ്)

DCALP/5848/2026 C9 തീയതി: 07/09/2026

വിഷയം:-ഭൂമിയുടെ ന്യായവില നിർണ്ണയം - ശ്രീ. എൻ.ഡി ബേബി ,നെടിയത്തു വീട് ,നെട്ടുവരംകോട് പി.ഒ ,ചെറിയനാട് എന്നവർ ചെങ്ങന്നൂർ ആർ.ഡി.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷ - ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

വായന:- ചെങ്ങന്നൂർ ആർ.ഡി.ഒ യുടെ കാര്യാലയത്തിലെ 15/06/2026 തീയതിയിലെ RDOCHN/748/2025 - K നമ്പർ റിപ്പോർട്ട് .

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീസർവ്വേ നമ്പർ 295/12 ൽ ഉൾപ്പെട്ട 15.20 ആർസ് , റീ-സർവ്വെ 295/29 ൽ 01.20 ആർസ് എന്നീ ഭൂമിയുടെ ന്യായവില പുനർനിശ്ചയിക്കുന്നതിനായി ശ്രീ. എൻ.ഡി ബേബി എന്നവർ സമർപ്പിച്ച അപേക്ഷയിന്മേൽവായന പ്രകാരം ചെങ്ങന്നൂർ ആർ.ഡി.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

ചെങ്ങന്നൂർ ആർ.ഡി.ഒ യുടെ വായന റിപ്പോർട്ട് പ്രകാരം ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീസർവ്വേ നമ്പർ 295/12 ൽ ഉൾപ്പെട്ട 15.20 ആർസ് , റീ-സർവ്വെ 295/29 ൽ 01.20 ആർസ് ഭൂമി തണ്ടപ്പേർ നമ്പർ 14593 പ്രകാരം ശ്രീ. എൻ.ഡി ബേബി ,നെടിയത്തു വീട് ,നെട്ടുംവരംകോട് പി.ഒ ,ചെറിയനാട് എന്നിവരുടെ കൈവശത്തിലും കരം തീരുവയിലും ഉള്ളതാണ്. പ്രസ്തുത ഭൂമിയ്ക്ക് Residential plot with NH/ PWD road access എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2010 ൽ 2,64,000/- രൂപ നിശ്ചയിച്ചിരുന്നതും ടി ഭൂമിയുടെ ന്യായവില പുനർ നിർണ്ണയിക്കുന്നതിനായി അടിസ്ഥാന വസ്തുക്കളായി സ്വീകരിച്ചിട്ടുള്ളത് ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീ-സർവ്വെ 144/5, 144/6, 144/7, 144/8, 144/9 എന്നിവയാണ്. ടി വസ്തുക്കൾക്ക് ന്യായവില രജിസ്റ്റർ പ്രകാരം Residential plot without vehicular access എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 24000/-രൂപ ന്യായവിലയായി നിശ്ചയിച്ചിട്ടുള്ളതാണ്. ടി ഭൂമിയുടെ അനുബന്ധ രേഖകളും സ്ഥല പരിശോധനയും നടത്തിയത് പ്രകാരം ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീസർവ്വേ നമ്പർ 295/12 ൽ ഉൾപ്പെട്ട 15.20 ആർസ് , റീ-സർവ്വെ 295/29 ൽ 01.20 ആർസ് എന്നീ ഭൂമിയെ Residential plot without vehicular access എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് 24000/- രൂപ ന്യായവില നിശ്ചയിക്കാവുന്നതാണെന്ന് ചെങ്ങന്നൂർ ആർ.ഡി.ഒ ശുപാർശ ചെയ്തിട്ടുള്ളതാണ്.

വായനാ റിപ്പോർട്ടിന്റെയും, അനുബന്ധ രേഖകളുടെയും, സ്ഥല പരിശോധന സാക്ഷ്യ പത്രത്തിന്റെയും അടിസ്ഥാനത്തിൽ ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീസർവ്വേ നമ്പർ 295/12 ൽ ഉൾപ്പെട്ട 15.20 ആർസ് , റീ-സർവ്വെ 295/29

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ൽ 01.20 ആർസ് എന്നീ ഭൂമിയുടെ ന്യായവില ചുവടെ ചേർക്കും വിധം പുനർനിർണ്ണയിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1959 ലെ മുദ്ര പത്രനിയമം 28 എ പ്രകാരവും 1995 ലെ മുദ്രപത്രം (ഭൂമിയുടെ ന്യായവില നിർണ്ണയം) ചട്ടം 5 പ്രകാരവും ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ ബ്ലോക്ക് നമ്പർ 13 ൽ റീസർവ്വേ നമ്പർ 295/12 ൽ ഉൾപ്പെട്ട 15.20 ആർസ് , റീ-സർവ്വെ 295/29 ൽ 01.20 ആർസ് എന്നീ ഭൂമിയെ Residential plot without vehicular access എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ആർ ഒന്നിന് 24000/- രൂപ ന്യായവിലയായി പുനർ നിർണ്ണയിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. 01.04.2010 ൽ നിലവിൽ വന്ന ന്യായവിലയിലാണ് ഈ ഭേദഗതി വരുത്തേണ്ടത്.

-Sd -

District collector

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C

[See Rule 5 (8)]

NOTIFICATION

DCALP/5848/2026-C9 *Date:* 07/09/2026

Whereas it is expedient to publish a notification showing revised value of lands as requiredUnder Section 28 A of the Kerala Stamp Act 1959, read with Sub rule 8 of Rule 5 of the KeralaStamp (Fixation of Fair Value of Land) Rules 1995, the fair value of land in Block No. 13 Resurvey No.295/12, 295/29 in Aala Village in Chenganoor Taluk of Alappuzha District is hereby fixed finally as shown in the schedule hereto.

SCHEDULE

Name of the District	Name of the Taluk	Name of the village	Block No./ Resurvey No.	Corporation/ Municipality/ Panchayath	Classification by use	Fair value of land already fixed	Revised fair value of land
Alappuzha	Chenganoor	Aala	13 295/12 295/29	Panchayath	Residential plot without vehicular access	2,64,000/-	24000/-

- sd -

District Collector

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOTIFICATION

RDOCHN/1421/2026-N1 31-08-2026

Whereas it is expedient to publish the fair value of the land as required under section 28A of the Kerala Stamp Act, 1950 read with Rule 4 of the Kerala Stamp (Fixation of value of land) Rules – 1995 and subject to the final verification of the authenticity of the copy of the document produced by the present landlord.

The Fair Value of the land came into force in the State in 2010. Thereafter, the same has been revised 5 times. The fair value of the land will effectively become 264% of the value that fixed in the year 2010. Now, therefore it is hereby made known to the public that the fair value fixed for the land mentioned against each serial numbers in respect of the land situated in the Survey/re-survey numbers of the Village and Taluk mentioned against each shall be as shown against column (1) thereof.

District:- Ernakulam. Taluk:-Kanayannur

Village: Elamkulam Village

S. No.	Sy. No.	Sub Div. No.	Re-Sy. Block No.	Re-Sy. No.	Re-Sy Sub Dvn No.	M/C/P	Name of Local Body	Name & No. of ward	Classification by use	Fair value per Are
890/7A			5	890	8	C	Kochi corporation	60,Perumanoor	Residential Plot with Muni/Corp/Panch Road Access	12,48,000/-

S/d

Revenue Divisional officer

Revenue Divisional office, Fort Kochi

മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ : അബ്ബാസ്, വി. ഇ.)

നമ്പർ RDOMVP/1513/2026/A8 K Dis. 2026 ആഗസ്റ്റ് 10.

വിഷയം:—ന്യായവില പുനർ നിർണ്ണയം—ശ്രീ. ബെന്നി, സി. പി., ചാമേത്ത്, മേമ്മുറി സമർപ്പിച്ച അപേക്ഷ—ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:— (1) മൂവാറ്റുപുഴ ഭൂരേഖ തഹസിൽദാരുടെ 1-7-2026 തീയതിയിലെ TLKMVP/320/2026-A2 നമ്പർ കത്ത്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-12-2019 തീയതിയിലെ LR A3-54674/18 നമ്പർ പരിപത്രം.

മൂവാറ്റുപുഴ താലൂക്ക്, മേമ്മുറി വില്ലേജ്, സർവ്വെ നമ്പർ 875/6-1-7-ൽപ്പെട്ട 52.78 ആർ പുരയിട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിക്കുന്നതിനാണ് ശ്രീ. ബെന്നി, സി. പി., ചാമേത്ത് മേമുറി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സർവ്വെ നമ്പർ 875/6-1-7-ൽപ്പെട്ട അപേക്ഷ വസ്തുക്കൾ ന്യായവില രജിസ്റ്റർ പ്രകാരം “Residential Plot with Private Road Access” എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 45,000 വില രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി ന്യായവില പുനർ നിർണ്ണയിക്കുന്നതിനാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

ടി വസ്തു പറമ്പറക്കാട് കമ്മ്യൂണിറ്റി സെന്ററിൽ നിന്നും ഉദ്ദേശം 500 മീറ്റർ തെക്ക് പടിഞ്ഞാറ് മാറി പറമ്പറക്കാട് കൊടികുത്തിമല റോഡിന്റെ പടിഞ്ഞാറു വശത്തായി സ്ഥിതി ചെയ്യുന്നുവെന്നും, സ്ഥല പരിശോധനയിൽ അപേക്ഷാ വസ്തു വീടുകളൊന്നുമില്ലാത്തതും, റബ്ബർ കൃഷി ചെയ്ത വരുന്നതുമായ “Garden Land with private Road Access” എന്ന കാറ്റഗറിയിൽ ഉൾപ്പെട്ടുവരുന്നതാണെന്നും തഹസിൽദാർ (ഭൂരേഖ), മൂവാറ്റുപുഴ സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അപേക്ഷ വസ്തുവിന് സമാനമായ വസ്തു മേമുറി വില്ലേജ് പരിധിയിൽ ഇല്ലാത്തതിനാൽ മേമുറി വില്ലേജ് അതിർത്തിയോട് ചേർന്നുള്ള ഓണക്കൂർ വില്ലേജ് പരിധിയിലുള്ള സർവ്വെ നമ്പർ 677/1-ൽപ്പെട്ട വസ്തുവിനെ അപേക്ഷാ വസ്തുവിന്റെ സമാന വസ്തുവായി പരിഗണിക്കാമെന്നും, ടി വസ്തു പാമ്പാക്കുട പാപ്പുകവല റോഡിൽ നിന്നും പയ്യാനിപ്പടിയ്ക്ക് പോകുന്ന റോഡിൽ കിഴക്ക് വശത്തായാണ് സ്ഥിതി ചെയ്യുന്നതെന്നും, ടി വസ്തുവിന് ന്യായവില രജിസ്റ്റർ പ്രകാരം “Garden Land with Road Access” എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 30,000 വിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും, ടി സമാന വസ്തുവിനെ അടിസ്ഥാനമാക്കി അപേക്ഷ വസ്തുവിനും “Garden Land with private Road Access” എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 30,000 ന്യായവില പുനർ നിർണ്ണയിച്ച് നല്കാവുന്നതാണെന്നും തഹസിൽദാർ (ഭൂരേഖ), മൂവാറ്റുപുഴ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28 എ പ്രസ്തുത നിയമത്തിന് കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസിഫിക്കേഷനിൽ വന്ന പിശകുകളും, അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച്, മൂവാറ്റുപുഴ താലൂക്ക്, മേമുറി വില്ലേജ്, സർവ്വെ 875/6-1-7-ൽപ്പെട്ട 52.78 ആർ അപേക്ഷാ വസ്തുവിനെ "Garden Land with Private Road Access" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 30,000 ന്യായവില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ന്യായവില ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതാണ്. സർക്കാർ ഉത്തരവ് (P) നമ്പർ 188/2014/Taxes തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിനു ശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

FORM A

(*See* Rule 4)

NOTIFICATION

No. RDOMVP/1513/2026/A8 K Dis. *7th August 2026.*

Whereas it is expedient to publish the Fair Value of land as required under Section (28) A of Kerala Stamp Act 1959 read with Rule 4 of Kerala Stamp (Fixation of Fair Value of land) Rules, 1995.

Now, Therefore, it is hereby made known to the public that the Fair Value fixed for the land mentioned against each serial number, in respect of the land situated in the Survey/Re-survey numbers of the Village and Taluk mentioned against each, shall be as shown against in the column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Muvattupuzha.

Village—Memury. *Desom*—Ooramana.

Sl. No.	*Sy. No.*	*Sub Division No.*	*Re -Survey Block*	*Re -Survey No.*	*Resurvey Sub Division No.*	*Panchayath/ Muncipality/ Corporation*	*Name of Local Body Panchayath/ Muncipality/ Corporation*	*Name and No. of Ward*	*Classification by use*	*Fair Value as per Are*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	875	6-1-7	..	..	..	Panchayath	Ramamangalam	..	Garden Land with Road Access	₹ 30,000

Revenue Divisional Office, (Sd.)

Muvattupuzha. *Revenue Divisional Officer.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം

(ഹാജർ: അബ്ബാസ്, വി. ഇ.)

നമ്പർ RDOMVP/1427/2026/A8 K Dis. 2026 ആഗസ്റ്റ് 5.

വിഷയം:—ന്യായവില പുനർ നിർണ്ണയം—ശ്രീ. ജോർജ്ജ്, പി. ജെ., പൂവത്തുങ്കൽ, കദളിക്കാട് സമർപ്പിച്ച അപേക്ഷ—ന്യായവില പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

സൂചന:—(1) മൂവാറ്റുപുഴ ഭൂരേഖ തഹശീൽദാരുടെ 1-7-2026 തീയതിയിലെ TLKMVP/3575/2025-20 A2 നമ്പർ റിപ്പോർട്ട്.

(2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 11-2-2019-ലെ LRA3-54674/18 നമ്പർ പരിപത്രം.

മൂവാറ്റുപുഴ താലൂക്ക്, മഞ്ഞള്ളൂർ വില്ലേജ്, സർവ്വെ നമ്പർ 83/10A-ൽപ്പെട്ട 12.14 ആർ പുരയിട വസ്തുവിന്റെ ന്യായവില പുനർ നിർണ്ണയിച്ചു നൽകുന്നതിന് ശ്രീ. ജോർജ്ജ്, പി. ജെ., പൂവത്തുങ്കൽ കദളിക്കാട് എന്നയാൾ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

അപേക്ഷാ വസ്തുവിന് ന്യായവില രജിസ്റ്റർ പ്രകാരം ന്യായവില നിശ്ചയിച്ചിട്ടില്ലാത്തതാണ് എന്നും അപേക്ഷാ വസ്തു തെക്കുംമല-കാവന റോഡിൽ ഏകദേശം പടിഞ്ഞാറായി പോകുന്ന തെക്കുംമല, തെള്ളിയിയാങ്കൽ താഴം റോഡിൽ തെക്ക് ഏകദേശം 500 മീറ്റർ മാറി പഞ്ചായത്ത് റോഡിന് സമീപം സ്ഥിതി ചെയ്യുന്നുവെന്നും, ടി അപേക്ഷാ വസ്തുവിന് സമാനമായ വസ്തുവായി സർവ്വേ നമ്പർ 78/13-2-ൽപ്പെട്ട വസ്തുവിനെ പരിഗണിക്കാമെന്നും ടി വസ്തു കദളിക്കാട് പിരളിമറ്റം റോഡിൽ പാലമറ്റം ജംഗ്ഷനിൽ നിന്നും നെടുമല റോഡിൽ 600 മീറ്റർ മാറി സ്ഥിതി ചെയ്യുന്നുവെന്നും ടി വസ്തുവിന്റെ ന്യായവില "Residential Plot with Panchayath Road Access" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 1,80,000-ആണ് നിശ്ചയിച്ചിരിക്കുന്നത് എന്നും ടി സമാന വസ്തുവിനെ അടിസ്ഥാനമാക്കി അപേക്ഷ വസ്തുവിന്റെയും ന്യായവില "Residential Plot with Panchayath Road Access" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 1,80,000 നിശ്ചയിച്ചു നൽകാവുന്നതാണെന്നും തഹശീൽദാർ മൂവാറ്റുപുഴ സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ 1959-ലെ കേരള സ്റ്റാമ്പ് ആക്ട് സെക്ഷൻ 28എ, പ്രസ്തുത നിയമത്തിന് കീഴിലുള്ള 1995-ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) ചട്ടം 3 എന്നിവ പ്രകാരം ന്യായവില നിർണ്ണയിച്ച് ചട്ടം 4 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടു ത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 2010-ലെ ന്യായവില വിജ്ഞാപനം ചെയ്തപ്പോൾ ക്ലാസ്സിഫിക്കേഷനിൽ വന്ന പിശകുകളും, അതുമൂലമുണ്ടായ വില നിർണ്ണയവുമായി പരിഗണിച്ച്, മൂവാറ്റുപുഴ താലൂക്ക് മഞ്ഞള്ളൂർ വില്ലേജ് സർവ്വെ നമ്പർ 83/10A-ൽപ്പെട്ട 12.14 ആർ വസ്തുവിന്റെ ന്യായവില "Residential Plot with Panchayath Road Access" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആർ ഒന്നിന് ₹ 1,80,000 വില നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ന്യായവില ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതാണ്. സർക്കാർ ഉത്തരവ് (P) നമ്പർ 188/2014/Taxes തീയതി 14-11-2014 പ്രകാരം 2010-ൽ നിശ്ചയിച്ച ന്യായവിലയാണ് ഈ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ആയതിനു ശേഷം സർക്കാർ വരുത്തിയിട്ടുള്ള എല്ലാ വർദ്ധനവുകളും ഇതോടൊപ്പം ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM A

(*See* Rule 4)

NOTIFICATION

No. RDOMVP/1427/2026-A8/K.Dis. *3rd August 2026.*

WHEREAS, it is expedient to publish the Fair Value of land as required under Section (28) A of Kerala Stamp Act 1959 read with Rule 4 of Kerala Stamp (Fixation of Fair Value of land) Rules, 1995.

Now, THEREFORE, it is hereby made known to the public that the Fair Value fixed for the land mentioned against each serial number, in respect of the land situated in the Survey/Re-survey numbers of the Village and Taluk mentioned against each, shall be as shown against in the column (11) thereof.

SCHEDULE

District—Ernakulam. *Taluk*—Muvattupuzha.

Village—Manjalloor. *Desom*—Kavana.

Sl. No.	*Sy. No.*	*Sub Division No.*	*Re -Survey Block*	*Re -Survey No.*	*Resurvey Sub Division No.*	*Panchayath/ Municipality/ Corporation*	*Name of Local Body Panchayath/ Municipality/ Corporation*	*Name and No. of Ward*	*Classification by use*	*Fair Value as per Are*
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)
1	83	10A	..	..	..	Panchayath	Manjalloor	..	Residential Plot with Panchayath Road Access	₹ 1,80,000

Revenue Divisional Office, (Sd.)

Muvattupuzha. *Revenue Divisional Officer.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(See rule 4)
NOTIFICATION

RDOVDK/1430/2026 C1 Date :01-09-2026

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Kozhikode Village : Ulliyeri

Taluk : Koyilandy Desom : Puthanchery

Serial Number	Survey Number	Sub Division Number	Re-Survey Block	Re – Survey Number	Re– Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	10	11
	-		-	7	1	P	Ulliyeri		Wet Land	10000/-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

* The above mentioned fairvalue does not includes any enhanced value notified by the government.

S/d-

Revenue Divisional Officer,

Revenue Divisional Office, Vatakara

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(See rule 4)
NOTIFICATION

RDOVDK/735/2026-C1 Date :01-09-2026

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Kozhikode Village : Chengottukavu

Taluk : Koyilandy Desom : Cheliya

Serial Number	Survey Number	Sub Division Number	Re-Survey Block	Re – Survey Number	Re– Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	10	11
	-		-	76	1	P	Chengottukavu		Wet Land	9880/-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

* The above mentioned fairvalue does not includes any enhanced value notified by the government.

S/d-

Revenue Divisional Officer,

Revenue Divisional Office, Vatakara

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM 'A'
(See rule 4)
NOTIFICATION

RDOVDK/1291/2025-C1 Date :01/09/2026

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Kozhikode Village : Atholi

Taluk : Koyilandy Desom : Koomully

Serial Number	Survey Number	Sub Division Number	Re-Survey Block	Re – Survey Number	Re– Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	10	11
	-		-	33	2B	P	Atholi		Wet Land	30000/-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

* The above mentioned fairvalue does not includes any enhanced value notified by the government.

S/d-

Revenue Divisional Officer,

Revenue Divisional Office, Vatakara

FORM ‘A’
(See rule 4)
NOTIFICATION

RDOVDK/534/2026 C1 Date :01-09-2026

WHEREAS it is expedient to publish the fair value of land as required under section 28 A of the Kerala Stamp Act, 1959 read with rule 4 of the Kerala Stamp (Fixation of Fair Value of Land) Rules, 1995.

Now, THEREFORE, it is hereby made known to the public that the fair value fixed for the land mentioned against each serial number, in respect of the land situated in the survey / re survey numbers of the Village and Taluk mentioned against each, shall be as shown against it in column (11) thereof.

SCHEDULE

District: Kozhikode Village : Valayam

Taluk : Vatakara Desom : Valayam

Serial Number	Survey Number	Sub Division Number	Re-Survey Block	Re – Survey Number	Re– Survey Sub Division Number	Panchayath or Municipality or Corporation	Name of Local Body Panchayath / Municipality / Corporation	Name and Number of Ward	Classification by use	*Fair Value per Are
1	2	3	4	5	6	7	8	9	10	11
	-		-	39	1	P	Valayam		Residential plot without vehicular access	10000/-

* The above mentioned fairvalue does not includes any enhanced value notified by the government.

S/d-

Revenue Divisional Officer,

Revenue Divisional Office, Vatakara

LAGTLY/34/2025-K Dated. 4th August, 2026

UNDER SECTION 9(2) OF THE KERALA SURVEY AND BOUNDARIES ACT 1961

The subjoined statement is an extract from survey field register giving particulars of lands registered and surveyed in the name of concerned. Appeal if any, against the survey should be presented within three months from the date of service of this notice to the officers in charge of the survey whose quarters are at Thalassery.

Name of acquisition: Acquisition of land for Construction of Regulator Cum Lock Across Ancharakkandy River

Award No :05/2025 dtd. 07.11.2025

District: Kannur. Village: Mavilayi
Taluk: Kannur Desom: Cherumavilayi

As per Revenue Account			As now surveyed			Remarks
Resurvey/ Survey field No.	Sub Division No	Area in Hectare	Survey Field No.	Sub Division No.	Area in Hectare	
16	10A	0.1335	16	10A	0.1200	PATTALAND
			16	12	0.0135	PURAMBOKE
16	11C	0.3076	16	11C	0.2453	PATTALAND
			16	13	0.0623	PURAMBOKE

District: Kannur. Village: Pinarayi
Taluk: Thalassery Desom: Parapram

As per Revenue Account			As now surveyed			Remarks
Resurvey/ Survey field No.	Sub Division No	Area in Hectare	Survey Field No.	Sub Division No.	Area in Hectare	
18	1A	0.1011	18	1A	0.0801	PATTALAND
			18	9	0.0210	PURAMBOKE

Field maps be obtained on application and payment of the fees prescribed from time to time.

(Sd/-)
Special Tahsildar, LA (General)
Thalassery.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

DCKSGD/12290/2023-C5 03 ജൂലായ് 2026

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് 16/10/2024 തീയ്യതിയിലെ സ.ഉ.(അച്ചടി)നം.54/2024/LSGD ,06/12/2024 തീയ്യതിയിലെ സ.ഉ.(അച്ചടി)നം.67/2024/LSGD എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് താഴെ പറയുന്ന കാസറഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ കന്നുകാലി മേച്ചിൽ പുറം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നു.

ജില്ല – കാസറഗോഡ്					
A. താലൂക്ക് – കാസറഗോഡ്					
ക്രമ നമ്പർ	ഗ്രാമപഞ്ചായത്ത്	വില്ലേജ്	സർവെ നമ്പർ	വിസ്തീർണ്ണം	നാലതിരുകൾ
1	ഉദുമ	ബാര	383/3A	0.0243 Hectare	വടക്ക് – മേച്ചിൽപ്പുറം കിഴക്ക് – മേച്ചിൽപ്പുറം തെക്ക്-മേച്ചിൽപ്പുറം പടിഞ്ഞാറ്-മേച്ചിൽപ്പുറം

(ഒപ്പ്)

ജില്ലാ കളക്ടർ
കാസർഗോഡ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.08 04:25:19 +05:30